**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- കുന്നത്തൂർ നിയോജകമണ്ഡലം- കുന്നത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സ്കൂളുകളിൽ കെട്ടിട നിർമ്മാണം-ഭരണാനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.4065/17/തസ്വഭവ  തിരുവനന്തപുരം, തീയതി .16.12.2017

വായന - 1) സർക്കുലർ നമ്പർ 54/2014/ധന തീയതി 03.06.2014
2) സ.ഉ(സാധ.) നം.2972/2016/ത.സ്വ.ഭ.വ തീയതി 31-10-2016
3) ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ യുടെ 10/08/2017 ലെ കത്ത്
4) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25/08/2017 ലെ ഡിബി1/10499/17/ത.സ്വ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

കുന്നത്തൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കുന്നത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആറു പ്രവൃത്തികൾക്ക് വായന (2) പ്രകാരം 315 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യണമെന്ന് വായന (3) പ്രകാരം ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വായന (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായന (2) പ്രകാരം ഭരണാനുമതി നൽകിയ കുന്നത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സ്കൂളുകളിൽ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. വായന (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സെക്രട്ടറി ,പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്,കൊല്ലം
സെക്രട്ടറി, കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്,കൊല്ലം
സെക്രട്ടറി, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്,കൊല്ലം
സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്,കൊല്ലം
ധനകാര്യ വകുപ്പ് (എൻസി ബി 2/78/2016-ധന (174068) തീ.13/12/2017 . )
തദ്ദേശ സ്വയം ഭരണ(ഒ.എസ്)വകുപ്പ്(ഡി.ബി.2/753/2015/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ